**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.725 3-11-2011-ലെ മറുപടിക്ക്

**കാർഷിക വിപണന സഹായം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>,, സണ്ണി ജോസഫ്<br>,, എം. പി. വിൻസെന്റ്<br>,, ലൂഡി ലൂയിസ് | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) വിപണിയിൽ ഇടപെട്ട് കർഷകർക്ക് സഹായം നൽകുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) വിപണിയിൽ ഇടപെട്ട് കർഷകർക്ക് സഹായം നൽകുന്നതിനായി സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിൽ 6 മൊത്ത വ്യാപാര വിപണികൾ പ്രവർത്തിച്ചു വരുന്നു. ഈ വിപണികളിൽ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ടു കൊണ്ടു വന്ന് ലേലം നടത്തി വിപണനം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പ്രസ്തുത ലേലങ്ങളിൽ കച്ചവടക്കാർ വില താഴ്ത്തി വാങ്ങാതിരിക്കുവാൻ വേണ്ടി ഹോർട്ടികോർപ്പും ലേലങ്ങളിൽ പങ്കു ചേരുന്നതാണ്. കർഷകരിൽ നിന്നും, സെസ്സ് ഈടാക്കാതെ സൗജന്യമായിട്ടാണ് ലേലത്തിനുള്ള സൗകര്യം ഒരുക്കി കൊടുക്കുന്നത്. കർഷകൻ കൊണ്ടു വരുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് ട്രാൻസ്പോർട്ടിംഗ് സബ്സിഡി നൽകുകയും ചെയ്യുന്നു. കൂടാതെ കേരളത്തിൽ ഉടനീളം 263 സ്വാശ്രയ കർഷകവിപണികൾ നിലവിൽ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അംഗീകൃത സംഭരണ ഏജൻസികൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകിവരുന്നത്; | (ബി) | കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിലെ ലേല നടപടികളിൽ ഒരു ശക്തമായ സാന്നിദ്ധ്യം ഉറപ്പു വരുത്തുവാൻ വേണ്ടി ഹോർട്ടികോർപ്പിന് 50.00 ലക്ഷം രൂപ 2010-2011 വർഷത്തിൽ നൽകുകയുണ്ടായി. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ കാർഷിക വിപണികൾ ശക്തിപ്പെടുത്തുന്നതിന് 2011-2012 വർഷത്തിൽ 450 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കേരളത്തിലെ നെല്ല് സംഭരണത്തിന്റെ അംഗീകൃത ഏജൻസിയായ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന 2005 വർഷം മുതൽ നെല്ല് സംഭരണം നടത്തി വരുന്നു. കേന്ദ്ര സർക്കാർ എല്ലാവർഷവും നെല്ലിന് പ്രഖ്യാപിക്കുന്ന താങ്ങുവില (എം.എസ്.പി.) കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ട് സംസ്ഥാന സർക്കാർ ഒരു ഉയർന്ന സംഭരണ വിലയ്ക്ക് നെല്ല് സംഭരിക്കുന്നു. |
| (സി) | ഉത്സവ സീസണുകളിൽ ഏജൻസികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ് ? | (സി) | ഓണം തുടങ്ങിയ ഉത്സവ സീസണുകളിലും പഴം പച്ചക്കറികളുടെ വില ക്രമാതീതമായി ഉയരുമ്പോഴും കൃഷി വകുപ്പും, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ഹോർട്ടികോർപ്പ് എന്നീ ഏജൻസികൾ മുഖേന വിപണനമേളകൾ/ചന്തകൾ സംഘടിപ്പിക്കാറുണ്ട് പ്രസ്തുത മേളകളിൽ 10 മുതൽ 30% വരെ വില കുറച്ചാണ് പച്ചക്കറികൾ വിൽപ്പന നടത്തുന്നത്. മാർക്കറ്റ് ഇന്റർവെൻഷൻ ഫോർ പ്രൈസ് സ്റ്റബിലൈസേഷൻ എന്ന പദ്ധതി പ്രകാരം 2011-2012 വർഷത്തിൽ 350 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ